ഉത്തരം

(എ) ഇല്ല.

(ബി) പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നശേഷം 'സ്വാഭിമാൻ' എന്ന പേരിൽ ഒരു ഭവന നിർമ്മാണ പദ്ധതിക്ക് തദ്ദേശ ഭരണ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ലാത്തതിനാൽ ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കായി സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ തദ്ദേശ ഭരണസ്ഥാപനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലാ പഞ്ചായത്തുകൾ ഈ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി രണ്ടാം ഘട്ടത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ പഞ്ചായത്തുകൾ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊജക്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രൊജക്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് മേൽ നടപടികൾ ആരംഭിക്കുന്നതാണ്.

ജില്ലാ പഞ്ചായത്തുകളിൽ ദിവസക്കൂലിക്കാരായി ജോലിചെയ്യുന്ന ഡ്രൈവർമാർ

82 (1347) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിൽ എത്ര ഡ്രൈവർമാരുടെ തസ്തികകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത് ;

(ബി) വയനാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ തസ്തികകളിൽ ഇപ്പോഴും ദിവസക്കൂലിക്കാരാണ് ജോലി ചെയ്യുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തസ്തികമാറ്റം വഴിയുള്ള ഡ്രൈവർ നിയമനത്തിന് അർഹത നേടിയവരുടെ ലിസ്റ്റ് വയനാട് ജില്ലാ എംപ്ലോയ്മെന്റ് ആഫീസിൽ ഒരു വർഷത്തിലധികമായി നിലവിലുണ്ടായിട്ടും വയനാട് ജില്ലാ പഞ്ചായത്തിലെ ഒഴിവിൽ സ്ഥിരനിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഡി) തസ്തികമാറ്റം വഴിയുള്ള ഡ്രൈവർ നിയമനത്തിന് യോഗ്യത നേടി ലിസ്റ്റിൽ വന്നവർക്ക് ഒഴിവു വരുന്ന ഡ്രൈവർ നിയമനങ്ങൾക്ക് ആദ്യ പരിഗണന നൽകണമെന്നും എംപ്ലോയ്മെന്റ് ആഫീസിൽ ഈ ലിസ്റ്റ് നിലവിലില്ലെങ്കിൽ മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവൂ എന്ന സർക്കാർ ഉത്തരവുണ്ടായിട്ടും വയനാട് ജില്ലാ പഞ്ചായത്തിലെ ഒഴിവുള്ള തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്യാത്തതിന് കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വയനാട് ജില്ലാ പഞ്ചായത്തിലെ ഡ്രൈവർ തസ്തികകളിൽ തസ്തിക മാറ്റം വഴി ഡ്രൈവർ നിയമനത്തിന് യോഗ്യത നേടി ലിസ്റ്റിൽ വന്നവരെ നിയമിക്കുന്നതിന് ഉത്തരവ് നൽകുമോ ;

(എഫ്) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വിമുഖത കാണിച്ച ഉദ്യോഗസ്ഥന്മാരോട് വിശദീകരണം ആവശ്യപ്പെടുമോ ?

ഉത്തരം

(എ) ഓരോ ജില്ലാ പഞ്ചായത്തിലും മൂന്ന് വീതം ഡ്രൈവർ തസ്തികകൾ.

(ബി) രണ്ട് ഡ്രൈവർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു.

(സി) വയനാട് ജില്ലാ പഞ്ചായത്തിലെ ഒഴിവുള്ള ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നതിനായി വയനാട് ജില്ലാ പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി-എഫ്) 1999-ലെ കേരള പഞ്ചായത്ത് സബോഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ് പഞ്ചായത്ത് വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്തുന്നത്. ഇതനുസരിച്ച് പഞ്ചായത്ത് വകുപ്പിലെ പ്യൂൺ, കണ്ടിജന്റ് ജീവനക്കാർ, എന്നിവരിൽ തസ്തികമാറ്റം വഴി നിയമനം ലഭിക്കാൻ യോഗ്യതയുള്ളവർ ഇല്ലെങ്കിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാൽ അപ്രകാരം ചെയ്തിട്ടില്ല.

കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷിക്കുന്ന ദിവസം തന്നെ നല്കുന്ന പദ്ധതി

83 (1350) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് അപേക്ഷിക്കുന്ന ദിവസം തന്നെ നൽകാൻ തിരുവനന്തപുരം കോർപ്പറേഷന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പിൽ വന്നതിനു ശേഷം ലൈസൻസിന് അപേക്ഷിച്ച എത്ര പേർക്ക് അപേക്ഷിച്ച ദിവസം തന്നെ ലൈസൻസ് നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) ലൈസൻസിനുവേണ്ടി ഈ കാലയളവിൽ എത്രപേരുടെ അപേക്ഷ ലഭിച്ചിരുന്നു ;

(ഡി) ഇനിയും എത്രപേർക്ക് ലൈസൻസ് കൊടുക്കാനുണ്ട് ;

(ഇ) ഇവർക്കെല്ലാം അപേക്ഷിച്ച ദിവസം തന്നെ ലൈസൻസ് കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ് ?

LIBRARY.ARCHIVES Kerala Legislative Assembly